**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6119** **17-03-2023 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് നിലവിൽ 8 സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്കാണ് ഡെവലപ്പർ പെർമിറ്റ് നൽകിയത്. ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.<br><br>**Kannur**<br><br>M/s. VMPS Food Park & Ventures<br><br>**Malappuram**<br><br>M/s. Malabar Enterprises<br><br>**Kottayam**<br><br>1. M/s Indian Virgin Spices (P) Ltd.<br><br>2. M/s. Jacob & Richard International (P) Limited.<br><br>3. M/s. Sance Steriles (P) Limited.<br><br>**Palakkad**<br><br>M/s. Kadambur Industrial Park (for constructing Standard Design Factory)<br><br>**Pathanamthitta**<br><br>1. M/s Delta Aggregates and Sand (P) Limited.<br><br>2. M/s. Pathanamthitta Industrial Promotion (P) Limited. |
| (ബി) | സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ? | (ബി) | കേരളത്തിൽ സ്വകാര്യമേഖലയിൽ ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്നതിനുള്ള അപേക്ഷ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വെബ്-പോർട്ടൽ വഴി സമർപ്പിക്കണം. പ്രസ്തുത അപേക്ഷകൾ വ്യവസായ |

| | | | |
|---|---|---|---|
| | | | വാണിജ്യ ഡയറക്ടറേറ്റിൽ പരിശോധന നടത്തി സർക്കാർ തലത്തിൽ വകുപ്പുതല സെക്രട്ടറിമാർ അടങ്ങുന്ന സ്റ്റേറ്റ് ലവൽ സെലക്ഷൻ കമ്മിറ്റി മുൻപാകെ വയ്ക്കുകയും പ്രസ്തുത കമ്മിറ്റിയുടെ തീരുമാനപ്രകാരം ഡെവലപ്പർ പെർമിറ്റ് അനുവദിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ അനുമതി ലഭിച്ച വ്യവസായ ഭൂമിയ്ക്ക് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഡെവലപ്പ്മെന്റ് റൂൾ-2019 -ന്റെ പരിധിയിൽ വരുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതാണ്. വ്യവസായ സംരംഭത്തിന് അനുയോജ്യമായ 10 ഏക്കറോ അതിലധികമോ വരുന്ന ഭൂമിയിൽ കൂട്ടുടമസംരംഭകർ, കമ്പനികൾ, ചെറുകിട സംരംഭകരുടെ കൂട്ടായ്മകൾ, സഹകരണ സ്ഥാപനങ്ങൾ, ചാരിറ്റബിൾ സൊസൈറ്റികൾ മുതലായവർക്ക് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റിന് അപേക്ഷിക്കാൻ കഴിയുന്നതാണ്.<br><br>സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജലം, ഡ്രെയിനേജ്, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ ലഭ്യമാക്കുന്നതിനും വികസിപ്പിക്കുന്നതിനും ലബോറട്ടറി ടെസ്റ്റിങ്, സർട്ടിഫിക്കേഷൻ എന്നീ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി ഒരു ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സർക്കാർ ധനസഹായം നൽകുന്നതാണ്. റീ-ഇമ്പേഴ്സ്മെന്റ് വ്യവസ്ഥയിലാണ് തുക അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ